File No.GEDN-G1/336/2018-G.EDN

9956

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- അംഗീകാരമില്ലാത്ത സ്കൂളുകളിൽ 10-ാം തരത്തിൽ പഠിക്കുന്ന കുട്ടികൾക്ക് എസ് എസ് എൽ സി പരീക്ഷ എഴുതുന്നതിനായി സൗകര്യപ്രദമായ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ചേർന്ന് പരീക്ഷ എഴുതുന്നതിനുള്ള അനുവാദം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(സാധാ) നം.4967/2018/പൊ.വി.വ** തീയതി,തിരുവനന്തപുരം, 27/11/2018

പരാമർശം:- വിവിധ സ്കൂളുകളിൽ നിന്നുള്ള അപേക്ഷ

11/12

AS

11/12/18

**ഉത്തരവ്**

അംഗീകാരമില്ലാത്ത സ്കൂളുകളിൽ 10-ാം തരത്തിൽ പഠിക്കുന്ന കുട്ടികൾക്ക് എസ് എസ് എൽ സി പരീക്ഷ എഴുതുവാനുള്ള അനുവാദം നൽകണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകളിൽ 10-ാം തരത്തിൽ പഠിക്കുന്ന കുട്ടികൾക്ക് എസ് എസ് എൽ സി പരീക്ഷ എഴുതുന്നതിനായി സൗകര്യപ്രദമായ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ചേർന്ന് എസ് എസ് എൽ സി പരീക്ഷ എഴുതുന്നതിനുള്ള അനുവാദം നല്കി ഉത്തരവാകുന്നു.

ഇത്തരത്തിൽ പുതിയ വിദ്യാലയത്തിൽ അഡ്മിഷൻ നേടുന്നതിന്/പരീക്ഷ എഴുതുന്നതിനു മതിയായ ഹാജർ ദിനങ്ങൾ കണക്കാക്കുമ്പോൾ മുമ്പ് പഠിച്ചിരുന്ന വിദ്യാലയത്തിലെ ഹാജരായ ദിനങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ചിത്ര കെ ദിവാകരൻ**
**അണ്ടർ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പരീക്ഷാ കമ്മീഷണർ, പരീക്ഷാഭവൻ, തിരുവനന്തപുരം
എല്ലാ പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പൊതുവിദ്യാഭ്യാസ ജില്ലാ ഓഫീസർമാർക്കും
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ )വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ